President's announcement regarding Elections to Standing Finance Committee

Mr. President: I have to annnounce that Mr. Kumaran Ezhuthassan has withdrawn his candidature to the Standing Finance Committee and consequently Mr. Chelur Ittiravi Nambudiri the only other duly nominated candidate is elected.

President's announcement regarding distribution of printed answers to members

Mr. President: I also should like to say that answers to a certain number more questions have been received in the Council Office, but too late to be printed and given to the Hon'ble Members today. I have placed them on the table today and I will have them printed as soon as possible and distributed to the Hon'ble Members.

Legislative Business. Non-official Bills.

1. THE COCHIN VERUMPATTAMDARS ACT (AMENDMENT) BILL

Mr. L. M. Pylee *(Latin Christians-Ernakulam):* Sir, I move that leave to introduce the Cochin Verumpattamdars Act (Amendment) Bill be given.

Mr. K. S. Panicker *(Ezhuvas-Trichur):* I second it.

Motion put and carried

Non-official Resolutions—*(cont.)*

6. Free Education upto School Final Examination to students whose parents draw salaries of less than Rs. 75 per mensem

മിസ്റ്റർ പി. കെ. ഡീവർ: "പ്രതിമാസം ൭൫ രൂ.യിൽ താഴെ വരവുള്ള എല്ലാവരുടേയും കുട്ടികൾക്ക ഫ൦-ാംക്ലാസ്സുവരെ (ഉൾപ്പടെ) ഫീസ്സ് കൂടാതെ വിദ്യാഭ്യാസം നൽകേണ്ടതാകുന്നുവെന്നു ഈ നിയമസഭ ഗവമ്മെണ്ടിലേക്ക് ശിപാർശ ചെയ്യുന്നു". ഇതാണ് ഞാൻ ഈ സഭയുടെ അംഗീകരണത്തിനു അവതരിപ്പിക്കുന്ന പ്രമേയം. ഇവിടെ സാധാരണയായി ഒരാക്ഷേപമുണ്ട്. വിദ്യാഭ്യാസസൌജന്യങ്ങളെല്ലാം ചില പ്രത്യേക വർഗ്ഗക്കാർക്കുമാത്രമെ ലഭിക്കുന്നുള്ളു എന്നു. വാസ്തവത്തിൽ അങ്ങിനെ വന്നുചേരുന്നതു് ആ വർഗ്ഗക്കാരുടെ കുറ്റമല്ല. പല കാരണങ്ങളാലും അവർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സാഹചര്യങ്ങളോ സൌകര്യങ്ങളോ ഒന്നും ഉണ്ടായിരിക്കയില്ല. അതുകൊണ്ട് സർക്കാരിൽനിന്നും ഇതിനു മുമതലപ്പെട്ട ആളുകൾ അവരേയും മറ്റുള്ളവരോടൊപ്പം മുന്നോട്ടു കൊണ്ടുവരണം. ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിനൊ വർഗ്ഗത്തിനൊ വിദ്യാഭ്യാസസൌജന്യം അനുവദിക്കണമെന്നുള്ളതല്ല ഞാനാവശ്യപ്പെടുന്നതു്. ഈ രാജ്യത്തെ പാവപ്പെട്ട എല്ലാ ആളുകൾക്കും വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൌകര്യമുണ്ടാകണം. വർഗ്ഗഭേദമൊ ജാതിഭേദമൊ നോക്കാതെ പാവപ്പെട്ടവരുടെ കുട്ടികൾക്കെല്ലാം വിദ്യാഭ്യാസം ചെയ്യുവാനുള്ള സൌകര്യമുണ്ടാക്കിക്കൊടുക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിന്റെ ഉദ്ദേശം. ഞാൻ ൭൫ രൂ. എന്നു വെച്ചിരിക്കുന്നതു്, സാധാരണ ഒരാളുടെ ജീവിതത്തിനാണു് എന്നതാണു എന്നു അങ്ങനെ കണക്കെടുത്തിട്ടുള്ളതനുസരിച്ചാണു്. ഒരു തൊഴിലാളി കുടുംബത്തിനു കഷ്ടിച്ചു കഴിഞ്ഞുകൂടുവാൻ എത്ര രൂപാവേണ്ടിവരുമെന്നു കണക്കെടുത്തിട്ടു ൧൦൦ രൂ. ഉണ്ടെങ്കിൽ മാത്രമേ ഏതാണ്ടു് ജീവിതം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു എന്നാണു് കാണുന്നതു്. ആ നിലക്കു് ൭൫ രൂപാ വരവുള്ള ഒരാൾക്കു് ജീവിക്കുവാനും അയാളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും അയാൾക്കു കിട്ടുന്ന വരുമാനം മതിയാകുമെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. അങ്ങിനെയുള്ളവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ സാധിക്കാതെ വരുന്നതുകൊണ്ടാണു് അങ്ങിനെയുള്ള പാവപ്പെട്ട ആളുകളുടെ വിദ്യാഭ്യാസം സർക്കാരിന്റെ കടമയായി നിർവ്വഹിക്കണമെന്നു് ഞാൻ പറയുന്നതു്. മഹാരാജാവു തിരുമനസ്സിലെ എല്ലാപ്രജാവിഭാഗങ്ങൾക്കും ആഹാരവും അറിവും നൽകണമെന്നുള്ളതു് ഗവമ്മെണ്ടിന്റെ കടമയാണു്. ആ കടമ നിറവേറ്റുവാൻ ഗവമ്മെണ്ടിനു സാധിക്കാതെ വന്നാൽ ആ ഗവമ്മെണ്ടിനെ കൃത്യവിലോപമായിട്ടേ കണക്കാക്കുവാൻ നിവൃത്തിയുള്ളു. എന്റെ ബോദ്ധ്യം വെച്ചുകൊണ്ടു പറയുകയാണെങ്കിൽ ഈ നാട്ടിലുള്ള എല്ലാ ആളുകൾക്കും അറിവു സമ്പാദിക്കുന്നതിനുള്ള സൌകര്യം നൽകുവാൻ നമ്മുടെഗവമ്മെണ്ടിനു സാധിക്കുന്നില്ലെങ്കിൽ ആ ഗവമ്മെണ്ടു് എന്നു പേരിനെ അർഹിക്കുന്നില്ല. അങ്ങിനെയുള്ള ഒരു ഗവമ്മെണ്ടു് നിലനിൽക്കുവാനും സാദ്ധ്യമല്ല; ആ ഗവമ്മെണ്ടിനെ വച്ചുപൊറുപ്പിക്കൊണ്ടുപോകുവാനും നിവൃത്തിയില്ല. ഈ നയമാണു് ഇന്നു് ഏതു അഭിജ്ഞലോകവും ആദരിച്ചിട്ടുള്ളതും, പരിഷ്കൃതഗവർമ്മെണ്ടുകളും സ്വീകരിച്ചു വരുന്നതും.

LIBRARY ARCHIVES Kerala Legislative Assembly